

# ജനഹിതം

## വാർത്താപത്രിക
## സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

ലക്കം 12
ഡിസംബർ 2025



# സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർക്ക് ഗവർണറുടെ ആദരം

സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള പൊതുതിരഞ്ഞെടുപ്പ് വിജയകരമായി നടത്തിയതിന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ ഷാജഹാനെ ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ പൊന്നാടയണിയിച്ച് ആദരിച്ചു. പൊതുതിരഞ്ഞെടുപ്പിന്റെ റിപ്പോർട്ട് സമർപ്പിക്കാനായി ലോക് ഭവനിൽ ഗവർണറെ സന്ദർശിച്ചപ്പോഴാണ് ഗവർണർ അഭിനന്ദനങ്ങൾ അറിയിച്ചത്. തിരഞ്ഞെടുപ്പ് സമാധാനപരമായും പരാതിരഹിതമായും നടത്തിയതിൽ ഗവർണർ സന്തുഷ്ടി രേഖപ്പെടുത്തി.



സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ, ജനഹിതം, ടി.സി-27/6(2), വികാസ് ഭവൻ പി.ഒ,
തിരുവനന്തപുരം-695033, ഫോൺ 0471 2325048, Email : cru.sec@kerala.gov.in, Website : www.sec.kerala.gov.in,
Facebook @ StateElectionCommissionKerala, Instagram : sec_kerala_official

# പൊതുതിരഞ്ഞെടുപ്പ് 2025

## പോളിങ് ശതമാനം
## ജില്ലാതലം

| ജില്ല | വോട്ടർ | വോട്ട് ചെയ്തത് | ശതമാനം |
|---|---|---|---|
| തിരുവനന്തപുരം | 2912773 | 1985570 | 68.17% |
| കൊല്ലം | 2271343 | 1614556 | 71.08% |
| പത്തനംതിട്ട | 1062756 | 713651 | 67.15% |
| ആലപ്പുഴ | 1802555 | 1344577 | 74.59% |
| കോട്ടയം | 1641176 | 1171442 | 71.38% |
| ഇടുക്കി | 912133 | 657870 | 72.12% |
| എറണാകുളം | 2666563 | 2000131 | 75.01% |
| തൃശൂർ | 2754275 | 2010934 | 73.01% |
| പാലക്കാട് | 2433390 | 1869839 | 76.84% |
| മലപ്പുറം | 3617901 | 2819176 | 77.92% |
| കോഴിക്കോട് | 2682682 | 2092408 | 78.00% |
| വയനാട് | 647378 | 510019 | 78.78% |
| കണ്ണൂർ | 2088410 | 1612609 | 77.22% |
| കാസർകോട് | 1112190 | 836353 | 75.20% |
| **ആകെ** | **28605525** | **21239135** | **74.25%** |

## വോട്ട് വിഹതവും ശതമാനവും
## സംസ്ഥാനതലം

| തദ്ദേശസ്ഥാപനം | യുഡിഎഫ് | | എൽഡിഎഫ് | | എൻഡിഎ | | മറ്റുള്ളവർ | | ആകെ വോട്ട് |
|---|---|---|---|---|---|---|---|---|---|
| | വോട്ട് | ശതമാനം | വോട്ട് | ശതമാനം | വോട്ട് | ശതമാനം | വോട്ട് | ശതമാനം | |
| പഞ്ചായത്ത് | 6596415 | 39.17% | 5729020 | 34.02% | 2343958 | 13.92% | 2171078 | 12.89% | 16840471 |
| മുനിസിപ്പാലിറ്റി | 1084901 | 38.85% | 834427 | 29.88% | 402233 | 14.40% | 470786 | 16.86% | 2792347 |
| കോർപ്പറേഷൻ | 556069 | 34.95% | 535728 | 33.67% | 375144 | 23.58% | 124026 | 7.80% | 1590967 |
| **ആകെ** | **8237385** | **38.81%** | **7099175** | **33.45%** | **3121335** | **14.71%** | **2765890** | **13.03%** | **21223785** |

# വോട്ടുവിഹിതവും ശതമാനവും തദ്ദേശസ്ഥാപനതലം

## കോർപറേഷൻ

| # | കോർപ്പറേഷൻ | യുഡിഎഫ് | | എൽഡിഎഫ് | | എൻഡിഎ | | മറ്റുള്ളവർ | | ആകെ വോട്ട് |
|---|---|---|---|---|---|---|---|---|---|---|
| | | വോട്ട് | % | വോട്ട് | % | വോട്ട് | % | വോട്ട് | % | |
| 1 | തിരുവനന്തപുരം | 125803 | 26.28% | 165861 | 34.65% | 165232 | 34.52% | 21776 | 4.55% | 478672 |
| 2 | കൊല്ലം | 71126 | 35.52% | 75439 | 37.67% | 45286 | 22.61% | 8407 | 4.20% | 200258 |
| 3 | കൊച്ചി | 113318 | 41.45% | 77234 | 28.25% | 39408 | 14.41% | 43427 | 15.88% | 273387 |
| 4 | തൃശ്ശൂർ | 69903 | 41.20% | 47882 | 28.22% | 31447 | 18.54% | 20418 | 12.04% | 169650 |
| 5 | കോഴിക്കോട് | 114565 | 34.48% | 125997 | 37.92% | 74552 | 22.43% | 17191 | 5.17% | 332305 |
| 6 | കണ്ണൂർ | 61354 | 44.88% | 43315 | 31.69% | 19219 | 14.06% | 12807 | 9.37% | 136695 |
| | **ആകെ** | **556069** | **34.95%** | **535728** | **33.67%** | **375144** | **23.58%** | **124026** | **7.80%** | **1590967** |

## പഞ്ചായത്ത്

| # | ജില്ല | യുഡിഎഫ് | | എൽഡിഎഫ് | | എൻഡിഎ | | മറ്റുള്ളവർ | | ആകെ വോട്ട് |
|---|---|---|---|---|---|---|---|---|---|---|
| | | വോട്ട് | % | വോട്ട് | % | വോട്ട് | % | വോട്ട് | % | |
| 1 | തിരുവനന്തപുരം | 483774 | 35.30% | 510730 | 37.27% | 295890 | 21.59% | 79922 | 5.83% | 1370316 |
| 2 | കൊല്ലം | 479686 | 36.62% | 492904 | 37.63% | 248941 | 19.00% | 88491 | 6.75% | 1310022 |
| 3 | പത്തനംതിട്ട | 230590 | 37.37% | 189675 | 30.74% | 125539 | 20.35% | 71210 | 11.54% | 617014 |
| 4 | ആലപ്പുഴ | 389185 | 34.47% | 422807 | 37.45% | 236885 | 20.98% | 80138 | 7.10% | 1129015 |
| 5 | കോട്ടയം | 383543 | 38.49% | 327276 | 32.84% | 152739 | 15.33% | 132983 | 13.34% | 996541 |
| 6 | ഇടുക്കി | 273548 | 45.54% | 210608 | 35.06% | 40877 | 6.81% | 75627 | 12.59% | 600660 |
| 7 | എറണാകുളം | 575608 | 41.49% | 368163 | 26.53% | 130452 | 9.40% | 313255 | 22.58% | 1387478 |
| 8 | തൃശ്ശൂർ | 552751 | 35.09% | 588498 | 37.36% | 308974 | 19.61% | 124999 | 7.94% | 1575222 |
| 9 | പാലക്കാട് | 577167 | 35.23% | 645973 | 39.43% | 263038 | 16.06% | 152163 | 9.29% | 1638341 |
| 10 | മലപ്പുറം | 1089793 | 46.79% | 488192 | 20.96% | 102038 | 4.38% | 648949 | 27.86% | 2328972 |
| 11 | കോഴിക്കോട് | 620410 | 41.28% | 544040 | 36.20% | 144877 | 9.64% | 193504 | 12.88% | 1502831 |
| 12 | വയനാട് | 186122 | 43.09% | 152778 | 35.37% | 59060 | 13.67% | 34019 | 7.88% | 431979 |
| 13 | കണ്ണൂർ | 474236 | 39.02% | 557981 | 45.91% | 104752 | 8.62% | 78537 | 6.46% | 1215506 |
| 14 | കാസർകോട് | 280002 | 38.01% | 229395 | 31.14% | 129896 | 17.64% | 97281 | 13.21% | 736574 |
| | **ആകെ** | **6596415** | **39.17%** | **5729020** | **34.02%** | **2343958** | **13.92%** | **2171078** | **12.89%** | **16840471** |

## മുനിസിപ്പാലിറ്റി

| # | ജില്ല | യുഡിഎഫ് | | എൽഡിഎഫ് | | എൻഡിഎ | | മറ്റുള്ളവർ | | ആകെ വോട്ട് |
|---|---|---|---|---|---|---|---|---|---|---|
| | | വോട്ട് | % | വോട്ട് | % | വോട്ട് | % | വോട്ട് | % | |
| 1 | തിരുവനന്തപുരം | 41273 | 30.66% | 55133 | 40.95% | 31615 | 23.48% | 6600 | 4.90% | 134621 |
| 2 | കൊല്ലം | 39065 | 38.00% | 43650 | 42.46% | 16349 | 15.90% | 3731 | 3.63% | 102795 |
| 3 | പത്തനംതിട്ട | 38150 | 39.77% | 28526 | 29.74% | 17286 | 18.02% | 11970 | 12.48% | 95932 |
| 4 | ആലപ്പുഴ | 83168 | 38.71% | 71952 | 33.49% | 39083 | 18.19% | 20648 | 9.61% | 214851 |
| 5 | കോട്ടയം | 59147 | 34.07% | 52876 | 30.46% | 26208 | 15.10% | 35388 | 20.38% | 173619 |
| 6 | ഇടുക്കി | 23165 | 40.96% | 12231 | 21.63% | 8413 | 14.88% | 12745 | 22.54% | 56554 |
| 7 | എറണാകുളം | 138460 | 41.00% | 81903 | 24.25% | 42723 | 12.65% | 74648 | 22.10% | 337734 |
| 8 | തൃശ്ശൂർ | 82622 | 31.18% | 94050 | 35.50% | 57933 | 21.86% | 30356 | 11.46% | 264961 |
| 9 | പാലക്കാട് | 75405 | 32.81% | 55104 | 23.98% | 55066 | 23.96% | 44215 | 19.24% | 229790 |
| 10 | മലപ്പുറം | 233133 | 47.72% | 81705 | 16.72% | 24728 | 5.06% | 149014 | 30.50% | 488580 |
| 11 | കോഴിക്കോട് | 103850 | 40.52% | 83328 | 32.52% | 27849 | 10.87% | 41242 | 16.09% | 256269 |
| 12 | വയനാട് | 31228 | 40.18% | 31734 | 40.83% | 7288 | 9.38% | 7475 | 9.62% | 77725 |
| 13 | കണ്ണൂർ | 95821 | 36.88% | 115707 | 44.53% | 33306 | 12.82% | 14979 | 5.77% | 259813 |
| 14 | കാസർകോട് | 40414 | 40.78% | 26528 | 26.77% | 14386 | 14.52% | 17775 | 17.94% | 99103 |
| | **ആകെ** | **1084901** | **38.85%** | **834427** | **29.88%** | **402233** | **14.40%** | **470786** | **16.86%** | **2792347** |

# തിരഞ്ഞെടുപ്പ് ഫലം

| മുന്നണി | പാർട്ടി | ഗ്രാമം | ബ്ലോക്ക് | ജില്ല | മുനി. | കോർപ്പ | ആകെ |
|---|---|---|---|---|---|---|---|
| യുഡിഎഫ് | ഇന്ത്യൻ നാഷണൽ കോൺഗ്രസ് | 5723 | 917 | 130 | 899 | 148 | 7817 |
| യുഡിഎഫ് | ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗ് | 1980 | 269 | 51 | 510 | 34 | 2844 |
| യുഡിഎഫ് | കേരള കോൺഗ്രസ് | 240 | 44 | 12 | 35 | 1 | 332 |
| യുഡിഎഫ് | റെവല്യൂഷണറി സോഷ്യലിസ്റ്റ് പാർട്ടി | 42 | 4 | 2 | 5 | 4 | 57 |
| യുഡിഎഫ് | കേരള കോൺഗ്രസ് (ജേക്കബ്) | 19 | 7 | 1 | 7 | 0 | 34 |
| യുഡിഎഫ് | കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടി സെൻട്രൽ കൗൺസിൽ ( സിപിജോൺ ) | 9 | 0 | 0 | 1 | 0 | 10 |
| യുഡിഎഫ് | കേരള ഡെമോക്രാറ്റിക് പാർട്ടി | 7 | 0 | 0 | 1 | 0 | 8 |
| യുഡിഎഫ് | ഓൾ ഇന്ത്യ ഫോർവേഡ് ബ്ലോക്ക് | 1 | 0 | 0 | 0 | 0 | 1 |
| | **ആകെ** | **8021** | **1241** | **196** | **1458** | **187** | **11103** |
| എൽ.ഡി.എഫ്. | കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ (മാർക്സിസ്റ്റ്) | 5541 | 743 | 114 | 946 | 111 | 7455 |
| എൽ.ഡി.എഫ്. | കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ | 745 | 138 | 24 | 99 | 12 | 1018 |
| എൽ.ഡി.എഫ്. | കേരള കോൺഗ്രസ് (എം) | 183 | 23 | 7 | 33 | 0 | 246 |
| എൽ.ഡി.എഫ്. | രാഷ്ട്രീയ ജനതാദൾ | 44 | 11 | 1 | 7 | 0 | 63 |
| എൽ.ഡി.എഫ്. | ജനതാദൾ(എസ്) | 33 | 6 | 2 | 2 | 1 | 44 |
| എൽ.ഡി.എഫ്. | നാഷണലിസ്റ്റ് കോൺഗ്രസ് പാർട്ടി – ശരദ്ചന്ദ്ര പവാർ | 16 | 5 | 0 | 3 | 1 | 25 |
| എൽ.ഡി.എഫ്. | കേരള കോൺഗ്രസ് (ബി) | 8 | 0 | 0 | 7 | 0 | 15 |
| എൽ.ഡി.എഫ്. | ഇന്ത്യൻ നാഷണൽ ലീഗ് | 5 | 2 | 0 | 2 | 0 | 9 |
| എൽ.ഡി.എഫ്. | കോൺഗ്രസ് (എസ്) | 3 | 0 | 0 | 4 | 1 | 8 |
| എൽ.ഡി.എഫ്. | ജനാധിപത്യ കേരള കോൺഗ്രസ് | 6 | 0 | 0 | 0 | 0 | 6 |
| | **ആകെ** | **6584** | **928** | **148** | **1103** | **126** | **8889** |
| എൻഡിഎ | ഭാരതീയ ജനതാ പാർട്ടി | 1443 | 53 | 1 | 324 | 93 | 1914 |
| എൻഡിഎ | ഭാരത് ധർമ്മ ജന സേന | 4 | 1 | 0 | 0 | 0 | 5 |
| എൻഡിഎ | ലോക് ജനശക്തി പാർട്ടി | 1 | 0 | 0 | 0 | 0 | 1 |
| | **ആകെ** | **1448** | **54** | **1** | **324** | **93** | **1920** |
| മറ്റുള്ളവർ | സ്വതന്ത്രൻ | 1067 | 32 | 0 | 291 | 12 | 1402 |
| മറ്റുള്ളവർ | സോഷ്യൽ ഡെമോക്രാറ്റിക് പാർട്ടി ഓഫ് ഇന്ത്യ | 87 | 1 | 0 | 7 | 2 | 97 |
| മറ്റുള്ളവർ | ട്വന്റി 20 പാർട്ടി | 70 | 7 | 0 | 1 | 0 | 78 |
| മറ്റുള്ളവർ | വെൽഫെയർ പാർട്ടി ഓഫ് ഇന്ത്യ | 24 | 0 | 0 | 7 | 0 | 31 |
| മറ്റുള്ളവർ | റെവല്യൂഷണറി മാർക്സിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ | 19 | 4 | 1 | 5 | 0 | 29 |
| മറ്റുള്ളവർ | ദേശീയ മതേതര സമ്മേളനം | 1 | 0 | 0 | 8 | 0 | 9 |
| മറ്റുള്ളവർ | പീപ്പിൾസ് ഡെമോക്രാറ്റിക് പാർട്ടി | 4 | 0 | 0 | 1 | 0 | 5 |
| മറ്റുള്ളവർ | ബഹുജൻ സമാജ് പാർട്ടി | 3 | 0 | 0 | 0 | 0 | 3 |
| മറ്റുള്ളവർ | ആം ആദ്മി പാർട്ടി | 3 | 0 | 0 | 0 | 0 | 3 |
| മറ്റുള്ളവർ | ഭാരതീയ ദേശീയ ജനതാദൾ | 3 | 0 | 0 | 0 | 0 | 3 |
| മറ്റുള്ളവർ | സോഷ്യലിസ്റ്റ് പാർട്ടി | 1 | 0 | 0 | 0 | 0 | 1 |
| | **ആകെ** | **1282** | **44** | **1** | **320** | **14** | **1661** |

# തദ്ദേശസ്ഥാപന പൊതുതിരഞ്ഞെടുപ്പ് 2025

**വോട്ടർമാർ**
**28605525**

**വോട്ട് ചെയ്തവർ**
**21239135**

**വോട്ടിങ് ശതമാനം**
**74.25**



ഡിസംബർ 9, 11 തീയതികളിൽ
രണ്ട് ഘട്ടങ്ങളിലായി വോട്ടെടുപ്പ്

**75644**
**സ്ഥാനാർത്ഥികൾ**

**39652 പുരുഷന്മാർ**
**35991 സ്ത്രീകൾ**
**ഒരു ട്രാൻസ്ജെൻഡർ**



33711 പോളിങ്സ്റ്റേഷനുകൾ, 2,56,934 തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ

**തിരഞ്ഞെടുപ്പ് നടന്നത്**

**1199**
തദ്ദേശസ്ഥാപനങ്ങൾ

**941** ഗ്രാമപഞ്ചായത്തുകൾ
**152** ബ്ലോക്ക് പഞ്ചായത്തുകൾ
**14** ജില്ലാപഞ്ചായത്തുകൾ
**86** മുനിസിപ്പാലിറ്റികൾ
**6** കോർപ്പറേഷനുകൾ

**23573**
വാർഡുകൾ

ഗ്രാമപഞ്ചാത്ത് വാർഡുകൾ **17335**
ബ്ലോക്ക് പഞ്ചായത്ത് വാർഡുകൾ **2267**
ജില്ലാപഞ്ചായത്ത് വാർഡുകൾ **346**
മുനിസിപ്പൽ വാർഡുകൾ **3205**
കോർപ്പറേഷൻ വാർഡുകൾ **420**

# തദ്ദേശസ്ഥാപനങ്ങളും വാർഡുകളും

| | ഗ്രാമപഞ്ചായത്ത് | | ബ്ലോക്ക് പഞ്ചായത്ത് | | ജില്ലാ പഞ്ചായത്ത് | | മുനിസിപ്പാലിറ്റി | | കോർപ്പറേഷൻ | |
|---|---|---|---|---|---|---|---|---|---|---|
| | Nos | wards | Nos | wards | Nos | wards | Nos | wards | Nos | wards |
| തിരുവനന്തപുരം | 73 | 1386 | 11 | 169 | 1 | 28 | 4 | 154 | 1 | 101 |
| കൊല്ലം | 68 | 1314 | 11 | 166 | 1 | 27 | 4 | 135 | 1 | 56 |
| പത്തനംതിട്ട | 53 | 833 | 8 | 114 | 1 | 17 | 4 | 135 | 0 | 0 |
| ആലപ്പുഴ | 72 | 1253 | 12 | 170 | 1 | 24 | 6 | 219 | 0 | 0 |
| കോട്ടയം | 71 | 1223 | 11 | 157 | 1 | 23 | 6 | 208 | 0 | 0 |
| ഇടുക്കി | 52 | 834 | 8 | 112 | 1 | 17 | 2 | 73 | 0 | 0 |
| എറണാകുളം | 82 | 1467 | 14 | 202 | 1 | 28 | 13 | 447 | 1 | 76 |
| തൃശ്ശൂർ | 86 | 1601 | 16 | 231 | 1 | 30 | 7 | 286 | 1 | 56 |
| പാലക്കാട് | 88 | 1636 | 13 | 200 | 1 | 31 | 7 | 249 | 0 | 0 |
| മലപ്പുറം | 94 | 2001 | 15 | 250 | 1 | 33 | 12 | 505 | 0 | 0 |
| കോഴിക്കോട് | 70 | 1343 | 12 | 183 | 1 | 28 | 7 | 273 | 1 | 76 |
| വയനാട് | 23 | 450 | 4 | 59 | 1 | 17 | 3 | 103 | 0 | 0 |
| കണ്ണൂർ | 71 | 1271 | 11 | 162 | 1 | 25 | 9 | 334 | 1 | 56 |
| കാസർകോട് | 38 | 725 | 6 | 92 | 1 | 18 | 3 | 120 | 0 | 0 |
| ആകെ | **941** | **17337** | **152** | **2267** | **14** | **346** | **87** | **3241** | **6** | **421** |

## പോളിങ് സ്റ്റേഷൻ

| ജില്ല | റൂറൽ | അർബൻ | ആകെ |
|---|---|---|---|
| തിരുവനന്തപുരം | 2444 | 820 | 3264 |
| കൊല്ലം | 2346 | 374 | 2720 |
| പത്തനംതിട്ട | 1088 | 137 | 1225 |
| ആലപ്പുഴ | 1802 | 283 | 2085 |
| കോട്ടയം | 1671 | 254 | 1925 |
| ഇടുക്കി | 1119 | 73 | 1192 |
| എറണാകുളം | 2178 | 843 | 3021 |
| തൃശ്ശൂർ | 2749 | 533 | 3282 |
| പാലക്കാട് | 2749 | 305 | 3054 |
| മലപ്പുറം | 3777 | 566 | 4343 |
| കോഴിക്കോട് | 2411 | 686 | 3097 |
| വയനാട് | 724 | 104 | 828 |
| കണ്ണൂർ | 1827 | 478 | 2305 |
| കാസർകോട് | 1242 | 128 | 1370 |
| ആകെ | **28127** | **5584** | **33711** |

## സ്ഥാനാർഥികൾ

| ജില്ല | പുരുഷൻ | സ്ത്രീ | ട്രാൻസ് | ആകെ |
|---|---|---|---|---|
| തിരുവനന്തപുരം | 2986 | 3323 | 1 | 6310 |
| കൊല്ലം | 2506 | 3109 | 0 | 5615 |
| പത്തനംതിട്ട | 1637 | 1912 | 0 | 3549 |
| ആലപ്പുഴ | 2438 | 2957 | 0 | 5395 |
| കോട്ടയം | 2457 | 2828 | 0 | 5285 |
| ഇടുക്കി | 1546 | 1556 | 0 | 3102 |
| എറണാകുളം | 3454 | 3920 | 0 | 7374 |
| തൃശ്ശൂർ | 3404 | 3880 | 0 | 7284 |
| പാലക്കാട് | 3260 | 3466 | 0 | 6726 |
| മലപ്പുറം | 4361 | 4021 | 0 | 8382 |
| കോഴിക്കോട് | 2998 | 3330 | 0 | 6328 |
| വയനാട് | 933 | 1035 | 0 | 1968 |
| കണ്ണൂർ | 2631 | 2840 | 0 | 5471 |
| കാസർകോട് | 1380 | 1475 | 0 | 2855 |
| ആകെ | 35991 | 39652 | 1 | 75644 |

### തദ്ദേശ തിരഞ്ഞെടുപ്പ് ഡ്യൂട്ടിയിൽ 2,56,934 ഉദ്യോഗസ്ഥർ

14 ജില്ലാ തിരഞ്ഞെടുപ്പ് ഓഫിസർമാർ, 28 അസിസ്റ്റന്റ് ജില്ലാ തിരഞ്ഞെടുപ്പ് ഓഫീസർമാർ, 1249 റിട്ടേണിംഗ് ഓഫീസർമാർ, 1321 അസിസ്റ്റന്റ് റിട്ടേണിംഗ് ഓഫീസർമാർ, 1034 ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ, 70,000 പൊലീസുകാർ, 14 പൊതു നിരീക്ഷകരേയും, 70 ചെലവു നിരീക്ഷകർ, 2300 സെക്ടറൽ ഓഫീസർമാർ, 184 ആന്റി-ഡിഫേസ്മെൻഡ് സ്ക്വാഡുകൾ, 70 ജില്ലാതല പരിശീലകർ, 650 ബ്ലോക്കുതല പരിശീലകർ

# നവ തദ്ദേശ സാരഥ്യം



**പി.ജെ. ജയിംസ്**

ജോയിന്റ് സെക്രട്ടറി
സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

കേരളത്തിലെ അധികാര വികേന്ദ്രീകരണ ചരിത്രത്തിൽ ഒരു ഏട്ട് കൂടി കൂട്ടിച്ചേർക്കപ്പെട്ടിരിക്കുന്നു. 2025 പൊതു തിരഞ്ഞെടുപ്പിനെ തുടർന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഭരണ സാരഥ്യത്തിൽ ഒരു പുതിയ ടീം നേതൃത്വം കൂടി എത്തിയിരിക്കുന്നു. അധികാര വികേന്ദ്രീകരണ ചരിത്രം പരിശോധിച്ചാൽ ഇത് ഏഴാമത്തെ നേതൃത്വമാണ്. കഴിഞ്ഞ 30 വർഷത്തെ വികേന്ദ്രീകൃത ആസൂത്രണ ചരിത്രത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിജയകരമായ പ്രവർത്തനത്തിന് ഊടും പാവും നൽകി അതിനെ മുന്നോട്ട് നയിച്ചതിന് അതിന്റെ അമരത്ത് പ്രവർത്തിച്ചവർക്കെല്ലാം ഒരേപോലെ അഭിമാനിക്കാവുന്ന കാര്യമാണ്.

സംസ്ഥാനത്തെ തദ്ദേശസ്ഥാപനങ്ങളുടെ പ്രവർത്തനം, പ്രത്യേകിച്ചും ഗ്രാമീണ മേഖലയിലും അവിടുത്തെ ജീവിതങ്ങളിലും വിപ്ലവകരമായ ഇടപെടലുകളിലൂടെ മാറ്റങ്ങളും നേട്ടങ്ങളും കൊണ്ടുവന്നു എന്നത് തർക്കമില്ലാത്ത കാര്യമാണ്. എന്നാൽ അഴിമതിയും ദുർഭരണവും വികേന്ദ്രീകരിക്കപ്പെട്ടു എന്ന ആക്ഷേപം വിമർശകർ അതോടൊപ്പം ഉയർത്തുന്നുമുണ്ട്. ഈ സാഹചര്യത്തിൽ തദ്ദേശസ്ഥാപനങ്ങൾ കൈകാര്യം ചെയ്യേണ്ട വിഷയങ്ങളിലേയ്ക്കും അവയുടെ പ്രവർത്തനരീതിയിലേക്കും ഒന്ന് കണ്ണോടിക്കുന്നത് ഉചിതമാവും.

ഭരണഘടനയുടെ 11, 12 പട്ടിക പ്രകാരമുള്ള വിഷയ മേഖലകളാണ് പഞ്ചായത്തുകളെയും മുനിസിപ്പാലിറ്റികളെയും ഭരമേൽപ്പിച്ചിട്ടുള്ളത്. പഞ്ചായത്തുകളെ സംബന്ധിച്ച 29 വിഷയ മേഖലകളും മുനിസിപ്പാലിറ്റികളെ സംബന്ധിച്ച 18 വിഷയ മേഖലകളുമാണ് അപ്രകാരം നൽകിയിട്ടുള്ളത്. ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളെ സംബന്ധിച്ച് 1994ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ മൂന്ന്, നാല്, അഞ്ച് പട്ടികയിൽ പ്രതിപാദിച്ചിട്ടുള്ള അനിവാര്യ, പൊതു, മേഖല ചുമതലകൾ നിർവ്വഹിക്കാൻ ബന്ധപ്പെട്ട പഞ്ചായത്തുകളും, 1994 ലെ തന്നെ കേരള മുനിസിപ്പാലിറ്റി ആക്റ്റിലെ ഒന്നാം പട്ടികയിൽ പ്രതിപാദിച്ചിട്ടുള്ള അനിവാര്യ, പൊതു, മേഖല ചുമതലകൾ നിർവഹിക്കാൻ ബന്ധപ്പെട്ട മുൻസിപ്പാലിറ്റികളും നിയമപരമായി ബാധ്യസ്ഥരാണ്.

കേരളത്തിലെ തദ്ദേശസ്ഥാപനങ്ങൾ തിരഞ്ഞെടുക്കപ്പെട്ട ഭരണ സമിതിയുടെ നേതൃത്വത്തിൽ മേൽ വിഷയ മേഖലകളിലൂന്നി ജനങ്ങളുടെ സാമ്പത്തിക വികസനവും, സാമൂഹിക നീതിയും ഉറപ്പുവരുത്തുന്ന പദ്ധതികളും നയപരിപാടികളും ആവിഷ്കരിച്ച് നടപ്പിലാക്കുകയും അതുവഴി ആ നാടിനെ സർവ്വതോൻമുഖമായ പുരോഗതിയിലേക്കും നയിക്കുക എന്നതാണ് ഒരു ഭരണ സമിതിയുടെ പ്രാഥമികമായ കർത്തവ്യം. അതിനുവേണ്ടി യാതൊരു ചേരിതിരിവുമില്ലാതെ ഒരു ടീമായി നിന്ന് പൊതു ഉത്തരവാദിത്വത്തോടെ തദ്ദേശസ്ഥാപനത്തെ ഒരു വികസന യൂണിറ്റായി കണ്ട് പ്രവർത്തിക്കുക എന്നതാണ് തദ്ദേശ സ്വയംഭരണസ്ഥാപനം എന്ന സ്ഥാപന വൽക്കരണത്തിനു പിന്നിലെ നിയമപരമായ സങ്കൽപ്പം.

ഭരണസമിതി അംഗങ്ങൾ വിവിധ രാഷ്ട്രീയകക്ഷികളുടെ പ്രതിനിധികളായാണ് വിജയിച്ച് വന്നിട്ടുള്ളതെങ്കിലും ഭരണസമിതിയിലെ ഓരോ അംഗത്തിനും പൊതുവായ കൂട്ടുത്തരവാദിത്വമാണുള്ളത്. അവിടെ ഭരണപക്ഷം എന്നോ പ്രതിപക്ഷം എന്നോ ഉള്ള വേർതിരിവ് ഉണ്ടാവാൻ പാടില്ല. നിയമം അത് അനുവദിക്കുന്നുമില്ല. മാത്രമല്ല ഇത് ആദ്യമായി വിജയിച്ചു വരുന്ന അംഗങ്ങളുടെ സത്യപ്രതിജ്ഞ രീതിയിലും ഘടനയിലും ആദ്യ യോഗത്തിൽപോലും സുവ്യക്തമാണ്.

തദ്ദേശഭരണത്തിൽ ഒരു ഭരണ സമിതിയംഗം തന്റെ നിയോജക മണ്ഡലത്തിലെ ഗ്രാമസഭ/വാർഡ്സഭ അല്ലെങ്കിൽ അവിടുത്തെ വോട്ടർമാരുടെ തീരുമാനങ്ങളാണ് അതുമായി ബന്ധപ്പെട്ടുവരുന്ന വിഷയങ്ങളിൽ ഭരണ സമിതി യോഗങ്ങളിൽ ഉയർത്തിക്കാട്ടേണ്ടത്. ഇവിടെ അംഗം മേൽപ്പറഞ്ഞ ഭരണഘടനാ സംവിധാനങ്ങളോടാണ് നിയമപരമായി കടപ്പെട്ടിരിക്കുന്നത്. അംഗത്തിന് തന്റെ രാഷ്ട്രീയമായതോ വ്യക്തിപരമായതോ ആയ താൽപര്യത്തിന് ഇവിടെ പ്രസക്തിയില്ലാത്തതാണ്. കാരണം തദ്ദേശസ്വയംഭരണം കക്ഷി രാഷ്ട്രീയ താൽപര്യവിമുക്തമാണ്.



തദ്ദേശസ്വയംഭരണത്തിന്റെ നിയമങ്ങളും ചട്ടങ്ങളും അതിന്റെ ഘടനയും രൂപപ്പെടുത്തിയിരിക്കുന്നത് കക്ഷിരാഷ്ട്രീയ സംവിധാനങ്ങളുടെയും അതിന്റെ കെട്ടുപാടുകളെയും പാടെ ഒഴിവാക്കി കൊണ്ടാണ്. ഇതൊരു സ്വതന്ത്ര സ്വയംഭരണ സംവിധാനമാണ് ഇവിടെ അധികാരം (Power) എന്ന വാക്കിന് പകരം ഉത്തരവാദിത്വം (Responsibility) എന്ന വാക്കാണ് യോജിക്കുക. അതായത് ഉത്തരവാദിത്വം നിർവ്വഹിക്കുന്നതിനുള്ള അധികാരം മാത്രമാണുള്ളത്. അതിനു വേണ്ടിയുള്ള അധികാരസ്ഥാനം ഏറ്റെടുക്കലാണ് ഓരോ അഞ്ചുവർഷം കൂടുമ്പോഴും പുതിയ ഭരണസമിതികൾ പ്രതിജ്ഞ ചെയ്തു അധികാരസ്ഥാനം ഏറ്റെടുക്കുന്നതിലൂടെ സംജാതമാകുന്നത്. ഇത്തരം ഒരു സംവിധാനത്തെയാണ് ഇന്ത്യൻഭരണഘടന പഞ്ചായത്തിരാജ് നഗരപാലിക നിയമങ്ങളിലൂടെ വിഭാവനം ചെയ്തിട്ടുള്ളത്.

മേൽപ്രതിപാദിച്ച ഭരണഘടനാതത്വത്തിൽ നിന്നുള്ള വ്യതിചലനം ഈ സംവിധാനത്തെ വഴിതിരിച്ചു വിടുന്നതിന് തുല്യമാണ്. ഇന്ത്യൻ ഭരണഘടനയോടു യഥാർത്ഥമായ വിശ്വാസവും കൂറും പുലർത്തുമെന്നും തന്റെ കർത്തവ്യങ്ങൾഅതനുസരിച്ച് നിർവ്വഹിക്കുമെന്നും പ്രതിജ്ഞ ചെയ്തു അധികാരസ്ഥാനമേറ്റെടുക്കുന്ന ഒരംഗം ഭരണഘടന വിഭാവനം ചെയ്തിട്ടുള്ള രീതിയിൽ പ്രവർത്തിക്കുവാൻ പ്രതിജ്ഞാബദ്ധമാണ്. ഇപ്രകാരം ഭരണഘടനാപരമായ ദിശാബോധത്തോടെ പുതുതായി തിരഞ്ഞെടുക്കപ്പെട്ട തദ്ദേശസ്ഥാപന അംഗങ്ങൾ പ്രവർത്തിക്കുമെന്ന പ്രത്യാശയോടെ അവർക്ക് ആശംസകൾ നേരാം.

**Chief Editor:** B.S. Prakash
**Editor:** K.M. Ayyappan

**Editorial Team:**
Sureshkumar.A
James.P.J

**Photography:**
I&PRD
Aravind.M.A

**Layout:**
Bridgingdots
Media Solutions

ലേഖനങ്ങളിലെ അഭിപ്രായം
ലേഖകരുടേത് മാത്രമാണ്

### സ്ഥാനാർത്ഥികളുടെ മരണം :

# പ്രത്യേക തിരഞ്ഞെടുപ്പ് ജനുവരി 12 ന്

സ്ഥാനാർത്ഥികളുടെ നിര്യാണത്തെത്തുടർന്ന് വോട്ടെടുപ്പ് മാറ്റിവച്ച മൂന്ന് തദ്ദേശ സ്വയംഭരണ വാർഡുകളിലേക്കുള്ള പ്രത്യേക തിരഞ്ഞെടുപ്പ് 2026 ജനുവരി 12ന് (തിങ്കൾ) നടക്കും. രാവിലെ ഏഴു മുതൽ വൈകിട്ട് ആറു വരെയാണ് വോട്ടെടുപ്പ്. ജനുവരി 13നാണ് (ചൊവ്വ) വോട്ടെണ്ണൽ. മലപ്പുറം ജില്ലയിലെ മൂത്തേടം ഗ്രാമ പഞ്ചായത്തിലെ പായിംപാടം , എറണാകുളം ജില്ലയിലെ പാമ്പാക്കുട ഗ്രാമ പഞ്ചായത്തിലെ ഓണക്കൂർ, തിരുവനന്തപുരം കോർപ്പറേഷനിലെ വിഴിഞ്ഞം എന്നീ വാർഡുകളിലാണ് പ്രത്യേക തിരഞ്ഞെടുപ്പ് നടത്തുന്നത്. സ്ഥാനാർഥികൾ തിരഞ്ഞെടുപ്പ് ചെലവ് 2026 ഫെബ്രുവരി 12നകം അതത് തദ്ദേശസ്ഥാപന സെക്രട്ടറിമാർക്ക് സമർപ്പിക്കണം. മൂത്തേടം, പാമ്പാക്കുട ഗ്രാമപഞ്ചായത്തുകളിൽ പൂർണമായും വിഴിഞ്ഞം വാർഡിൽ മാത്രമായും മാതൃകാ പെരുമാറ്റച്ചട്ടം നിലനിൽക്കും.

**തിരഞ്ഞെടുപ്പിന്റെ ഏകോപനത്തിനായി
തിരഞ്ഞെടുപ്പ് കമ്മീഷൻ ആസ്ഥാനത്ത് പ്രവർത്തിച്ച കൺട്രോൾ റൂം**

